അവഗണന നേരിടുന്നു; ആവശ്യങ്ങൾ നടപ്പാക്കുന്നവർക്ക് വോട്ട്: എച്ച്ജെടിഎഫ്

കൊച്ചി: ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ 30 വർഷത്തിലേറെയായി തുടരുന്ന കടുത്ത അവഗണനയ്ക്കും വിവേചനത്തിനുമെതിരേ പ്രതിഷേധവുമായി ഹയർ സെക്കൻഡറി ജൂണിയർ ടീച്ചേഴ്സ് ഫെഡറേഷൻ(എച്ച്ജെടിഎഫ്). തുല്യ യോഗ്യതയുണ്ടായിട്ടും കേവലം പീരിയഡുകളുടെ എണ്ണത്തിന്റെ പേരിൽ തഴയപ്പെടുന്ന തങ്ങളുടെ ആവശ്യങ്ങൾ അംഗീകരിക്കുന്നവർക്ക് മാത്രമേ വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ പിന്തുണ നൽകൂവെന്ന് സംഘടന അറിയിച്ചു.

ഹയർ സെക്കൻഡറി സീനിയർ, ജൂണിയർ അധ്യാപകർക്ക് ഒരേ ജോലിസമയമാണെങ്കിലും ശമ്പളത്തിലും പെൻഷനിലും വലിയ അന്തരമാണ് നിലനിൽക്കുന്നത്. കൃത്യമായ യോഗ്യതയുണ്ടായിട്ടും ജൂണിയർ അധ്യാപകർക്ക് പ്രിൻസിപ്പൽ സ്ഥാനത്തേക്ക് സ്ഥാനക്കയറ്റം നൽകുന്നില്ല. നിലവിലെ സ്പെഷൽ റൂളിലെ അപാകതകൾ മൂലം സ്ഥാനക്കയറ്റം ലഭിച്ചാൽ പോലും ആനുകൂല്യങ്ങൾ നഷ്ടമാകുന്ന അവസ്ഥയാണുള്ളത്.

അധ്യാപനത്തിനു പുറമെ ക്ലറിക്കൽ, ഓഫീസ് ജോലികളും നിർബന്ധപൂർവം അടിച്ചേൽപ്പിക്കുന്നു. ഹൈസ്കൂൾ ഹയർ സെക്കൻഡറി ഏകീകരണം 20,000ത്തോളം വരുന്ന ജൂണിയർ അധ്യാപകർക്ക് കനത്ത തിരിച്ചടിയാകുമെന്നും ഇന്റഗ്രേഷൻ കമ്മിറ്റി റിപ്പോർട്ടിൽ ഇവരുടെ പ്രശ്നങ്ങൾ പരാമർശിക്കുന്നുണ്ടെങ്കിലും പരിഹാരമാർഗങ്ങൾ നിർദേശിച്ചിട്ടില്ലെന്നും സംസ്ഥാന പ്രസിഡന്റ് സുനിൽ എം. ആന്റണി, സംസ്ഥാന സെക്രട്ടറി ബോബൻ ഫിലിപ്പ്, സംസ്ഥാന സമിതിയംഗം രാഗേഷ് നവദർശൻ എന്നിവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കോട്ടയം മെഡിക്കൽ കോളജിൽ വൃക്ക മാറ്റിവച്ച എറണാകുളം സ്വദേശിനിയുടെ നില മെച്ചപ്പെടുന്നു

ഗാന്ധിനഗർ: അങ്കമാലിയിൽ കാറിടിച്ചതിനെ തുടർന്ന് മസ്തിഷ്ക മരണം സംഭവിച്ച വിദ്യാർഥിനി ജാസ്‌ലിയ ജോൺസന്റെ ഒരു കിഡ്നി കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ എറണാകുളം ഏലൂർ ഈസ്റ്റ് സ്വദേശിനിയായ 46കാരിയുടെ ശരീരത്തിൽ തുന്നിച്ചേർത്തു. ഇവരുടെ ആരോഗ്യനില അപകടകരമല്ലാത്ത സ്ഥിതിയിൽ തുടരുന്നതായി ബന്ധപ്പെട്ട അധികൃതർ അറിയിച്ചു. ചൊവ്വാഴ്ച രാത്രിയാണ് മെഡിക്കൽ കോളജ് നെഫ്രോളജി, യൂറോളജി, അനസ്തേഷ്യ എന്നീ വിഭാഗങ്ങളുടെ നേതൃത്വത്തിൽ കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നത്. വൈപ്പിൻ എടവനക്കാട് കളത്തിൽപറമ്പിൽ ജോൺസന്റെയും ലിമയുടെയുടെയും മകളാണ് 19കാരിയായ ജാസ്‌ലിയ. സ്വകാര്യ സ്ഥാപനത്തിൽ പാർട്ട് ടൈം ജോലി കഴിഞ്ഞു ഹോസ്റ്റലിലേക്ക് മടങ്ങുമ്പോൾ കഴിഞ്ഞ 28ന് അങ്കമാലി ടെൽക് ജംഗ്ഷനിൽ വച്ച് ജാസ്‌ലിയയെ കാറിടിക്കുകയായിരുന്നു. ആലുവ രാജഗിരി ആശുപത്രിയിൽ ചികിത്സയിലിരിക്കേ ചൊവ്വാഴ്ച രാവിലെ മസ്തിഷകമരണം സംഭവിച്ചു.

ജാസ്‌ലിയയുടെ കരൾ രാജഗിരിയിൽ ചികിത്സയിലുള്ളയാൾക്കാണ് നൽകുന്നത്. വൃക്ക കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിക്കും നേത്രപടലങ്ങൾ അങ്കമാലി ഐ ബാങ്ക് അസോസിയേഷനും കൈമാറുകയായിരുന്നു.

ഇടുക്കിയിലെ പട്ടയവിതരണം താത്കാലികമായി തടഞ്ഞു

കൊച്ചി: ഇടുക്കിയിലെ പട്ടയ വിതരണം ഹൈക്കോടതി താത്കാലികമായി തടഞ്ഞു. പട്ടയം വിതരണം പുനരാരംഭിക്കാൻ കഴിഞ്ഞ ദിവസം അനുമതി നൽകിയിരുന്നെങ്കിലും മാർഗനിർദേശം ലംഘിച്ചതായി ചൂണ്ടിക്കാട്ടി ഹർജിക്കാർ കോടതിയെ സമീപിക്കുകയായിരുന്നു. ഹർജി വീണ്ടും പരിഗണിക്കുന്ന 10 വരെ പട്ടയം വിതരണം നിർത്തിവയ്ക്കാനാണ് ജസ്റ്റീസ് അനിൽ കെ. നരേന്ദ്രൻ, ജസ്റ്റീസ് മുരളി കൃഷ്ണ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്. മാർഗനിർദേശങ്ങൾ പാലിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് സത്യവാങ്മൂലം നൽകാൻ ചീഫ് സെക്രട്ടറിക്ക് നിർദേശവും നൽകി.

ഇടുക്കിയിലെ വിവിധ താലൂക്കുകളിൽ ചട്ടം ലംഘിച്ച് പട്ടയം വിതരണം ചെയ്യുന്നതും ഭൂപതിവ് ചട്ടത്തിന്റെ നിയമസാധുതയുമടക്കം ചോദ്യം ചെയ്ത് വൺ എർത്ത് വൺ ലൈഫ് നൽകിയ ഹർജിയാണ് കോടതിയുടെ പരിഗണനയിലുള്ളത്.

ജാസ്‌ലിയയുടെ മരണം: വാഹനം ഓടിച്ചത് മെഡിക്കൽ വിദ്യാർഥി

അങ്കമാലി: വിദ്യാർഥിനിയുടെ മരണത്തിനിടയാക്കിയ കാറപകടത്തിൽ വാഹനം ഓടിച്ചിരുന്നത് മെഡിക്കൽ വിദ്യാർഥി. ചാലാക്ക മെഡിക്കൽ കോളജിലെ ഹൗസ് സർജനും കോട്ടയം അതിരമ്പുഴ സ്വദേശിയുമായ ഡോ. സിറിയക് പി. ജോർജ് ആണ് വാഹനം ഓടിച്ചിരുന്നതെന്ന് പോലീസ് കണ്ടെത്തി.

സംഭവത്തിന് പിന്നാലെ ജാമ്യമില്ലാ വകുപ്പുകൾ പ്രകാരം കേസെടുത്ത അങ്കമാലി പോലീസ് തൃശൂർ മുതലുള്ള സിസിടിവി കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് ഇയാളെ തിരിച്ചറിഞ്ഞത്. അപകടസമയത്ത് വാഹനത്തിൽ സിറിയക് മാത്രമാണ് ഉണ്ടായിരുന്നതെന്ന് പോലീസ് പറഞ്ഞു.

അപകടശേഷം തുറവൂരിൽ വാഹനം ഉപേക്ഷിച്ച് മുങ്ങിയ ഇയാൾ ഒളിവിൽ തുടരുകയാണ്.

മദ്യവിൽപ്പന കുറഞ്ഞുവരുന്നു: മന്ത്രി എം.ബി. രാജേഷ്

തിരുവനന്തപുരം: സംസ്ഥാനത്ത് മദ്യവിൽപ്പന ക്രമാതീതമായി കുറഞ്ഞുവരികയാണെന്നു മന്ത്രി എം.ബി. രാജേഷ്. കണക്കുകൾ പരിശോധിച്ചാൽ അങ്ങനെയാണു മനസിലാകുന്നത്. സർക്കാർ മദ്യ ഉപഭോഗം പ്രോത്സാഹിപ്പിച്ചിട്ടില്ല. സർക്കാർ പ്രോത്സാഹിപ്പിച്ചിരുന്നെങ്കിൽ മദ്യ ഉപഭോഗം കൂടേണ്ടതാണ്. കേരളത്തിന്റെ സാമൂഹികാന്തരീക്ഷം നോക്കിയാണു സർക്കാർ മദ്യനയം നിശ്ചയിച്ചതെന്നും മന്ത്രി പറഞ്ഞു.

മാവോയിസ്റ്റ് മേഖലയിൽ പോലീസുകാരന്റെ തോക്ക് നഷ്ടപ്പെട്ട സംഭവം

ഡെപ്യൂട്ടി കമൻഡാന്റിന് ആഭ്യന്തര വകുപ്പിന്റെ താക്കീത്

ബിനു ജോർജ്

കോഴിക്കോട്: മധ്യപ്രദേശിൽ തെരഞ്ഞെടുപ്പ് ഡ്യൂട്ടി കഴിഞ്ഞ് സ്പെഷൽ ട്രെയിനിൽ മടങ്ങുന്നതിനിടെ മാവോയിസ്റ്റ് മേഖലയിൽ വച്ച് പോലീസുകാരന്റെ തോക്കും തിരകളും നഷ്ടപ്പെട്ട സംഭവത്തിൽ ഡെപ്യൂട്ടി കമൻഡാന്റ് എസ്. ഷിബുവിനെതിരേ ആഭ്യന്തര വകുപ്പിന്റെ അച്ചടക്ക നടപടി. ഡെപ്യൂട്ടി കമൻഡാന്റ് എന്ന നിലയിൽ കൃത്യനിർവഹണത്തിൽ ജാഗ്രതക്കുറവ് കാട്ടിയതിനു താക്കീത് നൽകാനാണ് തീരുമാനം.

2023 നവംബർ 20ന് പുലർച്ചെയാണ് കേസിനാസ്പദമായ സംഭവം നടന്നത്. മധ്യപ്രദേശ്-രാജസ്ഥാൻ നിയമസഭാ തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി പോയ കെഎപി മൂന്നാം ബറ്റാലിയൻ സംഘം മധ്യപ്രദേശിലെ നരിയോലി സ്റ്റേഷനിൽ എത്തിയപ്പോഴാണ് ഇന്ത്യറിസർവ് ബറ്റാലിയനിലെ വിശാഖിന്റെ ബാഗും അതിനുള്ളിലുണ്ടായിരുന്ന ഒമ്പത് എംഎം പിസ്റ്റളും 20 തിരകളും നഷ്ടപ്പെട്ട വിവരം പുറത്തറിഞ്ഞത്.

തോക്ക് നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് നടന്ന ആഭ്യന്തര അന്വേഷണത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നു ഗുരുതരവീഴ്ച ഉണ്ടായതായി സർക്കാർ കണ്ടെത്തി. നക്സൽ ബാധിത പ്രദേശങ്ങളിലൂടെയുള്ള യാത്രയായിരുന്നിട്ടും ഉദ്യോഗസ്ഥർ സഞ്ചരിച്ചിരുന്ന ബോഗികളിൽ മതിയായ സെൻട്രി ഡ്യൂട്ടിയോ ആയുധങ്ങൾ സുരക്ഷിതമായി സൂക്ഷിക്കാനുള്ള സംവിധാനമോ ഒരുക്കിയിരുന്നില്ലെന്നു കണ്ടെത്തിയിരുന്നു.

ആയുധങ്ങൾ കേന്ദ്രീകൃതമായി സൂക്ഷിക്കണമെന്ന നിർദേശം ലംഘിച്ച് ഏതൊക്കെ ഉദ്യോഗസ്ഥർ ആയുധം കൈവശം വച്ചിട്ടുണ്ടെന്ന് പരിശോധിക്കുന്നതിൽ ഡെപ്യൂട്ടി കമൻഡാന്റ് പരാജയപ്പെട്ടു, വിവരങ്ങൾ മറച്ചുവച്ചു. ബാഗ് നഷ്ടപ്പെട്ട വിവരം അറിഞ്ഞ ഉടൻതന്നെ സഹപ്രവർത്തകരെ വിളിച്ച് കാര്യങ്ങൾ അന്വേഷിക്കുന്നതിലും ദുരൂഹത നീക്കുന്നതിലും വീഴ്ച സംഭവിച്ചു. യാത്രയ്ക്കിടെ സേനാംഗങ്ങൾ മദ്യപിച്ചതുൾപ്പെടെയുള്ള അച്ചടക്കരഹിതമായ പ്രവൃത്തികൾ തടയുന്നതിലും മേലുദ്യോഗസ്ഥന് സാധിച്ചില്ല എന്നീ കാര്യങ്ങളും പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

തോക്ക് നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് നടന്ന ആഭ്യന്തര അന്വേഷണത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നു ഗുരുതരവീഴ്ച ഉണ്ടായതായി സർക്കാർ കണ്ടെത്തി. നക്സൽ ബാധിത പ്രദേശങ്ങളിലൂടെയുള്ള യാത്രയായിരുന്നിട്ടും ഉദ്യോഗസ്ഥർ സഞ്ചരിച്ചിരുന്ന ബോഗികളിൽ മതിയായ സെൻട്രി ഡ്യൂട്ടിയോ ആയുധങ്ങൾ സുരക്ഷിതമായി സൂക്ഷിക്കാനുള്ള സംവിധാനമോ ഒരുക്കിയിരുന്നില്ലെന്നു കണ്ടെത്തിയിരുന്നു.

എന്നാൽ ഇതു സംബന്ധിച്ച് ആദ്യം അന്വേഷിച്ച പോലീസ് ഉദ്യോഗസ്ഥ ഷിബുവിനെതിരായ കുറ്റങ്ങൾ തെളിവില്ലാത്തതാണെന്നാണ് സൂചിപ്പിച്ചത്. ഈ റിപ്പോർട്ട് സർക്കാർ തള്ളിക്കളഞ്ഞാണ് അച്ചടക്ക നടപടി സ്വീകരിക്കാൻ തീരുമാനിച്ചത്. പോലീസുകാർ മാത്രം സഞ്ചരിച്ചിരുന്ന ബോഗിയിൽ നിന്ന് തോക്കും തിരകളും അടങ്ങിയ ബാഗ് നഷ്ടപ്പെടാൻ കാരണം പോലീസുകാർതന്നെയാണെന്ന ആരോപണത്തെക്കുറിച്ചുള്ള അന്വേഷണം നടന്നുവരികയാണ്. സേനാംഗങ്ങളിൽ ഒരാൾ ബാഗ് പുറത്തേക്കു വലിച്ചെറിയുന്നതു കണ്ടുവെന്ന് മറ്റൊരു സേനാംഗം മൊഴി നൽകിയിരുന്നു.

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്
ദർഘാസ് പരസ്യം

ദർഘാസ് നമ്പർ: **ID: 2026_KSEB_842830 dated 03-03-2026.**
തൊടുപുഴ ഇലക്ട്രിക്കൽ സർക്കിൾ ആഫീസിനു കീഴിലുള്ള കട്ടപ്പന ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ ലൈൻ എബി സ്വിച്ചുകൾ വയ്ക്കുന്നതിന് ദർഘാസ് പ്രമാണങ്ങൾ www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി 03-03-2026, 04.00 പി.എം മുതൽ 16.03.2026 04.00 പി.എം വരെ. ദർഘാസ് പ്രമാണങ്ങൾ സമർപ്പിക്കാവുന്ന അവസാന തീയതിയും സമയവും: 17-03-2026, 3.00 പി.എം വരെ. ദർഘാസ് പ്രമാണങ്ങൾ തുറക്കുന്ന തീയതിയും സമയവും 18-03-2026, 03.00 പി.എം. ദർഘാസിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് താഴെപറയുന്ന കാര്യാലയവുമായി പ്രവർത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.
തൊടുപുഴ (ഒപ്പ്), എക് സിക്യൂട്ടീവ് എഞ്ചിനീയർ, പി.എം.യു.
03-03-2026 ഇലക്ട്രിക്കൽ സർക്കിൾ, തൊടുപുഴ
K2603-587641

കേരള വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്
ദർഘാസ് : 08 to 12/2025-26/AEE/PMD O & M കുമളി പ്ലാന്റിന്റെ കോൺക്രീറ്റ് മേൽക്കൂര നവീകരണം വിവിധ പമ്പ് ഹൗസുകളിലെ കിണർ വൃത്തിയാക്കൽ, വണ്ടിപ്പെരിയാർ പ്ലാന്റിൽ ക്ലോറിനേറ്റർ സ്ഥാപിക്കുക മുതലായ പ്രവർത്തികൾ. നിരതദ്രവ്യം : Rs. 1114 to 4417,. ടെണ്ടർ ഫീസ് : Rs. 335+GST to 555 + GST. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി :10-03-2026 03:00:pm ഫോൺ : 04869232220. വെബ്സൈറ്റ് : www.kwa.kerala.gov.in, www.etenders.kerala.gov.in
(ഒപ്പ്) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
KWA-JB-GL-6-758-2025-26 സബ് ഡിവിഷൻ, പിരുമേട്
R2603-587633

കേരള സർക്കാർ ദർഘാസുകൾ
മൃഗ സംരക്ഷണ വകുപ്പ്
വിൻഡോ നം:iprd 26/m 51 • ദർഘാസ് നം : 01/2025-26 • പ്രൊഡക്ഷൻ മാനേജർ, ഫീഡ് കോംപൗണ്ട് ഫാക്ടറി, സെൻട്രൽ പാച്ചൂനി, ചെങ്ങന്നൂർ-689122, ഫോൺ- 04792452277 • ദർഘാസ് - ഫീഡ് കോംപൗണ്ട് ഫാക്ടറി വർക്ക്ഷോപ്പിൽ മൂട്ട കൂടുകൾ നിർമിക്കുന്നതിന് ആവശ്യമായ 150 എണ്ണം Japan GI Plain Sheet-22 Guage വിതരണം ചെയ്യുന്നതിന് • ദർഘാസ് ഫോറത്തിന്റെ വില : 900 + 18% GST • നിരതദ്രവ്യം : 4500/- • ഫോറം വിൽക്കുന്ന അവസാന തീയതി : 06/03/2026, 4 മണി • ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി: 07/03/2026, 11 മണി • അടങ്കൽ : 4,50,000/-

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
വിൻഡോ നം:iprd 26/m 52 • ദർഘാസ് നം: A5-1131/2026/THHC • സൂപ്രീ, താലൂക്ക് ആസ്ഥാന ആശുപത്രി, ചിറയിൻകീഴ്, തിരുവനന്തപുരം, ഫോൺ-0470- 2646565 • ദർഘാസ്- ഓഫ്താൽമിക് OT ടേബിൾ വിതരണം ചെയ്യുന്നതിന് • ദർഘാസ് ഫോറത്തിന്റെ വില: 500 + 18% GST • നിരതദ്രവ്യം :1% • ഫോറം വിൽക്കുന്ന അവസാന തീയതി : 10/03/2026, 3 മണി • ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി : 11/03/2026, 12 മണി • അടങ്കൽ : 180000/-
വിൻഡോ നം : iprd 26/m 53 •ദർഘാസ് നം: 305/2026 • മെഡിക്കൽ ഓഫീസർ, സാമൂഹ്യാരോഗ്യകേന്ദ്രം, കാലടി, എറണാകുളം-683574 ഫോൺ-0484-2460163• ദർഘാസ്- ലാബിലേയ്ക്കാവശ്യമായ ഹെമറ്റോളജി അനലൈസർ മെഷീൻ, പാലിയേറ്റീവ് യൂണിറ്റിലേയ്ക്കാവശ്യമായ ഓക്സിജൻ കോൺസെൻട്രേറ്റർ എന്നിവ് വിതരണം ചെയ്യുന്നതിന് • ദർഘാസ് ഫോറത്തിന്റെ വില : 1000 + GST, 1000 + GST • നിരതദ്രവ്യം : 4950/- , 4140/-• ഫോറം വിൽക്കുന്ന അവസാന തീയതി: 10/03/2026, 12/03/2026 1 മണി • ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി : 11/03/2026, 13/03/2026 11 മണി • അടങ്കൽ: 9,09,000/-

ആയുഷ് വകുപ്പ്
വിൻഡോ നം: iprd 26/m 54• ദർഘാസ് നം: 31/2025-26 • പ്രിൻസിപ്പാൾ, ഗവ.ആയുർവേദ കോളജ് ഹോസ്പിറ്റൽ, തിരുവനന്തപുരം -695001, ഫോൺ-0471-2460190 • ദർഘാസ് - പൂജപ്പുര പഞ്ചകർമ ആശുപത്രിയിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ വാർഷിക അറ്റകുറ്റപണികൾ ചെയ്യുന്നതിന് • ദർഘാസ് ഫോറത്തിന്റെ വില: 1000 + GST • നിരതദ്രവ്യം: 4980/- • ഫോറം വിൽക്കുന്ന അവസാന തീയതി :12/03/2026, 3 മണി • ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി :13/03/2026, 3 മണി • അടങ്കൽ : 4,98,000/-
ഒരോ ദർഘാസ് പരസ്യത്തിന്റെയും പൂർണരൂപം അതത് ഓഫീസുകളിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് notice board.kerala.gov.in/tendersനർശിക്കുക.
R.O. No. 33/G4/2026/PRD.
R2603-587663

ദീപിക ക്ലാസിഫൈഡ്സ്
for Online Classified Advertisments
visit.. www.deepikaclassifieds.com

സ്വർണ്ണം
പണയസ്വർണ്ണം എടുത്ത് ഉയർന്ന വിലയിൽ വിൽക്കുവാൻ സഹായിക്കുന്നു
നിങ്ങളുടെ പഴയ സ്വർണം വിൽക്കുമ്പോൾ ഏറ്റവും ഉയർന്ന വില നൽകുന്നു
വിദേശപഠനം/ജോലി എന്നീ ആവശ്യങ്ങൾക്കായി സ്വർണം വിൽക്കുമ്പോൾ ബ്രാൻഡഡ് ട്രോളി ബാഗ് ഗിഫ്റ്റ് നല്കുന്നു
മധ്യകേരളത്തിൽ 30 ഷോറൂമുകൾ
21 വർഷത്തെ മികച്ച സേവന പാരമ്പര്യം
അച്ചായൻസ് ഗോൾഡ് 916
പാലാ, കോട്ടയം, ചിങ്ങവനം, കടുത്തുരുത്തി, ചേർത്തല, ഉഴവൂർ
90 72 388 172
90 72 388 173
98 47 113 429
K2512-581630

റിയൽ എസ്റ്റേറ്റ്
കേരളത്തിലെ പ്രീമിയം പ്രോപ്പർട്ടികളും പ്രമുഖ ബിൽഡർ പ്രൊജക്റ്റ്കളും ആദ്യമായി ഒരു കുടക്കീഴിൽ.....
ലോകത്തിലെവിടെയിരുന്നും നിങ്ങളുടെ പ്രോപ്പർട്ടികൾ മാനേജ് ചെയ്യൂ...
അത്യാകർഷകമായ ഓഫറുകൾ ഇനിമുതൽ കേരള ലാൻഡിൽ കൂടി സ്വന്തമാക്കൂ....
സന്ദർശിക്കൂ... വിളിക്കൂ... KERALA LAND
www.kerala.land
77368 50711 / 77365 60711
K2602-585567

വീട്, സ്ഥലം ആവശ്യമുണ്ട്
KERALA's NO.1 റിയൽ എസ്റ്റേറ്റ് പോർട്ടലായ realkairali.com ന് വിദേശ മലയാളികൾക്കായി സ്ഥലങ്ങൾ, വീടുകൾ, വില്ല, ഫ്ളാറ്റ്, ബിൽഡിങ്, എസ്റ്റേറ്റ് ഇടനിലക്കാരില്ലാതെ ആവശ്യമുണ്ട്.
9539 11 24 24

ഹോം നേഴ്സിംഗ്
ഹോം നേഴ്സിംഗ്
രോഗീപരിചരണത്തിൽ പരിചയമുള്ള വരും, പ്രസവശുശ്രൂഷ, വീട്ടുജോലി (സ്ത്രീ/പു.) എന്നീ ജോലികൾക്കും ജോലിക്കാർക്കും. അഡ്വാൻസ് ശമ്പളം അടയ്ക്കാതെ സർവീസ് ലഭിക്കുന്നതിന്.
വെസ്റ്റേൺ, മുട്ടം, തൊടുപുഴ
ഫോൺ: 9446813356 9388810095
K2512-579623

സെപ്റ്റിക് ടാങ്ക്
മാതാ സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് 7356036003
ബ്ലോക്ക്, മെയിന്റനൻസ് റിപ്പയറിംഗ്. ദുർഗന്ധമില്ലാതെ ജില്ലയിൽ എവിടെയും രാത്രിയും പകലും വൃത്തിയാക്കുന്നു.
T2601-582686

ഡ്രൈവിംഗ് പരിശീലനം
ഡ്രൈവിംഗിൽ വിദഗ്ധ പരിശീലനം

റിട്ട. KSRTC ഡ്രൈവർ ജഗദീഷ് ഒരാഴ്ചകൊണ്ട് ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരെ നിങ്ങളുടെ വാഹനത്തിലോ ഞങ്ങളുടെ വാഹനത്തിലോ ഡ്രൈവിംഗിൽ വിദഗ്ധരാക്കുന്നു.
Ph: 9744560675
K2512-581535

ടെൻഡർ നോട്ടീസ്
ബസേലിയസ് കോളജ്, കോട്ടയം (ഓട്ടോണമസ്)
BC/PD/Tender/1412/2025-2026
ഷോർട്ട് ടെണ്ടർ നോട്ടീസ്
കോട്ടയം ബസേലിയസ് കോളജ് 2025 - 2026 ലാബിലേക്ക് കെമിക്കൽസ് / എക്യൂപ്മെന്റ് സ് / ഗ്ലാസ്വെയേഴ്സ് നൽകുന്നതിനായി സ്ഥാപനങ്ങളിൽ / വ്യക്തികളിൽ നിന്ന് മുദ്രവച്ച കവറിൽ ടെണ്ടറുകൾ ക്ഷണിക്കുന്നു. കവറിന് പുറത്ത് 'കെമിക്കൽസ് / എക്യൂപ്മെന്റ് സ് / ഗ്ലാസ്വെയേഴ്സ് ടെണ്ടർ 2025 - 2026' എന്ന് രേഖപ്പെടുത്തിയിരിക്കണം. ടെണ്ടർ ലഭിക്കുന്നവർ സ്വന്തം ചിലവിൽ 31/03/2026-നു 2 മണിക്കു മുമ്പായി സാധനങ്ങൾ കോളജ് ഓഫീസിൽ എത്തിക്കേണ്ടതാണ്.
ടെണ്ടർ രേഖകൾ ലഭിക്കുന്ന സ്ഥലം, തീയതി, സമയം : കോളജ് ഓഫീസ്, 05/03/2026 - 21/03/2026, രാവിലെ 9 മുതൽ 3 വരെ.
ടെണ്ടർ തിരികെ ലഭിക്കേണ്ട സ്ഥലം, തീയതി, സമയം : കോളജ് ഓഫീസ്, 23/03/2026, ഉച്ചയ്ക്ക് 2 മണി.
ടെണ്ടർ തുറക്കുന്ന സ്ഥലം, തീയതി, സമയം : കോളജ് ഓഫീസ്, 23/03/2026 ഉച്ചയ്ക്ക് 2.30 മണി.
ടെണ്ടർ ഫോമിന്റെ വില : 500 രൂപ + 18% ജി.എസ്.റ്റി / ഇ.എം.ഡി : 6250 രൂപ
കൂടുതൽ വിവരങ്ങൾക്ക് കോളജ് ഓഫീസുമായി (0481 2563918) ബന്ധപ്പെടുക.
കോട്ടയം (ഒപ്പ്)
04.03.2026 പ്രിൻസിപ്പൽ
K2603-587600

ദർഘാസ് പരസ്യം
ദർഘാസ് നമ്പർ: **ID: 2026_KSEB_842830 dated 03-03-2026.**
തൊടുപുഴ ഇലക്ട്രിക്കൽ സർക്കിൾ ആഫീസിനു കീഴിലുള്ള കട്ടപ്പന ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ ലൈൻ എബി സ്വിച്ചുകൾ വയ്ക്കുന്നതിന് ദർഘാസ് പ്രമാണങ്ങൾ www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി 03-03-2026, 04.00 പി.എം മുതൽ 16.03.2026 04.00 പി.എം വരെ. ദർഘാസ് പ്രമാണങ്ങൾ സമർപ്പിക്കാവുന്ന അവസാന തീയതിയും സമയവും: 17-03-2026, 3.00 പി.എം വരെ. ദർഘാസ് പ്രമാണങ്ങൾ തുറക്കുന്ന തീയതിയും സമയവും 18-03-2026, 03.00 പി.എം. ദർഘാസിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് താഴെപറയുന്ന കാര്യാലയവുമായി പ്രവർത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.
തൊടുപുഴ (ഒപ്പ്), എക് സിക്യൂട്ടീവ് എഞ്ചിനീയർ, പി.എം.യു.
03-03-2026 ഇലക്ട്രിക്കൽ സർക്കിൾ, തൊടുപുഴ
K2603-587641

റീജിയണൽ ഓഫീസ്: കോട്ടയം
ഒന്നാം നില, റീജൻസി സ്കയർ, കളക്ട്രേറ്റ് പി.ഒ., കോട്ടയം
PH: 0481 2567927, 2567929, Email:ro1009@sib.co.in,
Website: www.southindianbank.com CIN: L65191KL1929PLC001017
SOUTH INDIAN Bank
സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ 13 (2) -ാം നമ്പർ വകുപ്പ് പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് ചട്ടത്തിന്റെ 3 (1)-ാം ചട്ട പ്രകാരം പ്രസിദ്ധപ്പെടുത്തുന്ന നോട്ടീസ്
ഡിമാന്റ് നോട്ടീസ്
To, വായ്പക്കാർ/ജാമ്യക്കാർ/പരേതനായ വായ്പക്കാരൻ ശ്രീ. മാത്യു ജോസഫിന്റെ നിയമപരമായ അവകാശികൾ : 1) കുമാരി. സോണിയ കെ. മാത്യു ഭ സോണിയ കയംകാട്ടിൽ മാത്യു, 2) ശ്രീമതി. ചിന്നമ്മ മാത്യു W/o. ശ്രീ. മാത്യു ജോസഫ്, 3) ശ്രീ. സോജൻ മാത്യു S/o.ശ്രീ. മാത്യു ജോസഫ്, എല്ലാവരുടെയും വിലാസം : കയംകാട്ടിൽ ഹൗസ്, ചെങ്ങളം പി.ഒ., ചെങ്ങളം ഈസ്റ്റ്, ആനിക്കാട്, കോട്ടയം-686585.
ദി സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്, രജി.ഓഫീസ്:എസ്.ഐ.ബി ഹൗസ്, റ്റി.ബി. റോഡ്, തൃശ്ശൂർ-680001, കേരളം, ടിയുടെ **റീജിയണൽ ഓഫീസ്: കോട്ടയം**, ഒന്നാം നില, റീജൻസി സ്കയർ, കെ.കെ റോഡ്, കളക്ടറേറ്റ് പി.ഒ., കോട്ടയം, കേരളം-686002, ടിയുടെ ശാഖ : **അകലക്കുന്നം**, മാർസ്ലീവ ഷോപ്പിംഗ് കോംപ്ലക്സ്, ചർച്ച് റോഡ്, അകലക്കുന്നം പി.ഒ, കാഞ്ഞിരമറ്റം (വഴി) ചെങ്ങളം, കോട്ടയം, കേരളം-686585 -ൽ നിന്നും നിങ്ങളിൽ ഒന്നാം പേരുകാരൻ വായ്പക്കാരനായും രണ്ടും മൂന്നും പേരുകാർ ജാമ്യക്കാരായും/പരേതനായ മാത്യുജോസഫിന്റെ നിയമപരമായ അവകാശികൾ എന്ന നിലയിലും ഫ്ളെക്സി ലോൺ ലിമിറ്റ് അക്കൗണ്ടിൽ **12,00,000.00** രൂപയുടെ വായ്പ എടുത്തിട്ടുള്ളതും താഴെ പറയുന്ന വസ്തുവകകൾ ഈടായി പണയം വച്ചിട്ടുള്ളതുമാകുന്നു. ഇതുമായി ബന്ധപ്പെട്ട 15.10.2016, 16.10.2016, 28.11.2018 എന്നീ തീയതികളിൽ വായ്പ ഖേകളിൽ നിങ്ങൾ ഒപ്പു വച്ചിട്ടുള്ളതുമാകുന്നു. തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ മേൽപ്പറഞ്ഞ വായ്പ **14.12.2024**-ാം തീയതി നിഷ്ക്രിയ ആസ്തിയായി തരം ത